# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65 — 08.01.2014 -ൽ മറുപടിക്ക്

**കേരള ഹെൽത്ത് ഒബ്സർവേറ്ററി**
**ബേസ് ലൈൻ സ്റ്റഡി സർവ്വേയുടെ വിശദാംശങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ :<br>,, റ്റി. വി. രാജേഷ് :<br>,, ബി. സത്യൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേരള ഹെൽത്ത് ഒബ്സർവേറ്ററി ബേസ് ലൈൻ സ്റ്റഡി (കെ.എച്ച്.ഒ.ബി. എസ്) സർവ്വേയുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളുടെയും പകർച്ച വ്യാധികളുടെയും സ്ഥിതി വിവര കണക്കും ഈ രോഗങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങളുടേയും ഒരു അടിസ്ഥാന രേഖ തയ്യാറാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ് കേരള ഹെൽത്ത് ഒബ്സർവേറ്ററി ആന്റ് ബേസിക്ക് സർവ്വെലൻസ് എന്ന പദ്ധതി ആവിഷ്കരിച്ചത്. ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കാൻസറും, ഹൃദ്രോഗവും, പക്ഷാഘാതവുമുൾപ്പെടുന്ന രോഗങ്ങളുടെ വ്യാപ്തി അന്വേഷിച്ചപ്പോഴാണ് നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെ ഒരു കണക്കിന്റെ അഭാവം നിലനിൽക്കുന്നതായും, അത് പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനും തടസ്സങ്ങൾ സൃഷ്ടിക്കുന്നതും മനസ്സിലാക്കുവാൻ സാധിച്ചത്. ഇതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം ആരംഭിച്ചുവെങ്കിലും പൂർത്തിയായിട്ടില്ല. കൂടാതെ ഈ പദ്ധതിക്ക് ആവശ്യമായ അംഗീകാരം ഇല്ലാത്തതു കൊണ്ടും കേന്ദ്ര ഗവൺമെന്റിൽ നിന്നുമുള്ള അനുമതി ഇനിയും ലഭ്യമല്ലാത്തതിനാലും ഈ പദ്ധതിയെക്കുറിച്ച് ആക്ഷേപമുയർന്ന പശ്ചാത്തലത്തിലും ഈ പദ്ധതി നിർത്തി വെച്ചു. ഈ പദ്ധതിയുമായി മുന്നോട്ടു പോകാൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) പ്രസ്തുത സർവ്വേയിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏതൊക്കെ ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) സംസ്ഥാന ആരോഗ്യ വകുപ്പ്, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ, ശ്രീ. ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായുള്ള അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ്, |

(....2)

കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ്, മെഡിക്കൽ കോളേജ് തിരുവനന്തപുരം, ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ, ഇതിനുപുറമെ കാനഡയിലുള്ള മക് മാസ്റ്റർ യൂണിവേഴ്സിറ്റിയിലെ പി.എച്ച്.ആർ.ഐ (പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ഈ പദ്ധതിക്ക് സാങ്കേതിക സഹായം നൽകുന്നു.

| | | | |
|---|---|---|---|
| (സി) | സർവ്വേയുമായി ബന്ധപ്പെട്ട് കാനഡയിലെ മക് മാസ്റ്റർ സർവ്വകലാശാലയുടെ പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (പി.എച്ച്.ആർ.ഐ) ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് 2013 ഒക്ടോബർ മാസം അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത സർവ്വേയ്ക്കായി സർക്കാർ എത്ര തുക ചെലവഴിച്ചുവെന്നും അത് ഏതൊക്കെ ആവശ്യത്തിന് ആയിരുന്നെന്നും വ്യക്തമാക്കുമോ ; | (ഡി) | ആരോഗ്യ വകുപ്പിൽ നിന്നും ഈ പദ്ധതിക്കായി തുക ലഭിക്കുകയോ, ചിലവാക്കുകയോ ചെയ്തിട്ടില്ല. ഈ സാധ്യതാ പഠനത്തിനായി എൻ.ആർ.എച്ച്.എം -ന്റെ ഭാഗമായുള്ള സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിൽ നിന്നും 4.65 ലക്ഷം രൂപ ചിലവഴിച്ചു. ഇത് എത്തിക്സ് കമ്മിറ്റി ക്ലിയറൻസ്, ട്രൈയിനിംഗ്, ഫീൽഡ് ജീവനക്കാർക്കുള്ള വേതനം, വർക്ക് ഷോപ്പ് നടത്തിപ്പ്, സർവ്വർ മാനേജ്മെന്റ് തുടങ്ങിയ ഇനങ്ങൾക്കാണ് ഈ തുക ചിലവഴിച്ചത്. |
| (ഇ) | ഇതിനായി കേന്ദ്രസർക്കാരിന്റെയും ഐ.സി.എം.ആർ -ന്റെയും അനുമതി ലഭിച്ചിരുന്നോ ; | (ഇ) | ഐ.സി.എം.ആർ, എച്ച്.എം.എസ്.സി ക്ലിയറൻസിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ ക്ലിയറൻസ് കിട്ടിയിട്ടില്ല. |
| (എഫ്) | സർവ്വേയുമായി ബന്ധപ്പെട്ട് ഡോക്ടർമാർക്കും സർക്കാരിതര സംഘടനയ്ക്കും വിദേശപണം ലഭിച്ചതായി വന്ന വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ; വിശദാംശം ലഭ്യമാക്കുമോ ? | (എഫ്) | ഇല്ല ; ബാധകമല്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ